## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.420 26-04-2017-ലെ മറുപടിയ്ക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.ഷാഫി പറമ്പിൽ

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സർക്കാർ വായ്പയെടുത്ത തുക</u>**

| | | |
|---|---|---|
| (എ) | ഈ സർക്കാർ എത്ര തുകയാണ് കടപ്പത്രങ്ങൾ വഴിയും മറ്റും വായ്പയെടുത്തിട്ടുള്ളത് ; | ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷം 20.04.2017 വരെ കടപത്രങ്ങൾ വഴി 16,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31.12.2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 01.05.2016 മുതൽ 31.12.2016 വരെ കടപത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. |
| (ബി) | ഇതിൽ മൂലധന ചെലവിനായി മുടക്കിയത് എത്ര ; ആകെ കടം വാങ്ങിയതിന്റെ എത്ര ശതമാനമാണ് ഇത് ; | 31.12.2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൂലധന ചെലവ് 4535.63 കോടി രൂപയാണ്. മൂലധന ചെലവ് വായ്പയുടെ 28.11 ശതമാനം വരും |
| (സി) | സർക്കാരിന്റെ ദൈനംദിന ചെലവിന് വായ്പ എടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കടമെടുത്ത തുകയുടെ എത്ര ശതമാനം ഇക്കാര്യത്തിനായി വിനിയോഗിച്ചു ? | വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

**സെക്ഷൻ ഓഫീസർ**